# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1696 | | 01.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തമ്പാനൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഇരുനിലകെട്ടിടം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തമ്പാനൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഇരുനിലകെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി 1.20 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ട നിർമ്മാണത്തിനായി 2017 ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്ത് രണ്ടു വർഷമായിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിന് അനുമതി നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ തമ്പാനൂർ വാർഡിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു കെട്ടിടം പണിയുന്നതിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയ്ക്ക് നൽകിയ കത്ത് തീരുമാനത്തിനായി നഗരസഭ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വഴി നഗരസഭ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അനുവദിച്ച തുക ലാപ്സായി പോകാതിരിക്കുന്നതിനും, ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാനും സാധാരണക്കാരുടെ ആവശ്യത്തിനായി നിർമ്മിക്കുന്ന പി.എച്ച്.സി.കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നഗരസഭയുടെ അനുമതി എത്രയുംവേഗം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ